ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) സർവീസ് ഇപ്പോൾ നിലവിലില്ല. കെ. എസ്. ആർ. ടി. സി. ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിക്കൊണ്ടിരുന്നതിനാലാണ് നിറുത്തൽ ചെയ്തത്.

(സി) മുടക്കം കൂടാതെ ഓടിക്കാമെന്ന് എം. എൽ. എ. ക്ക് കോർപ്പറേഷൻ ഉറപ്പ് നൽകിയിരുന്നുവെങ്കിലും വാഹനങ്ങളുടെ ദൗർലഭ്യം നിമിത്തം നഷ്ടത്തിലോടിയിരുന്ന ഈ സർവീസ് താൽക്കാലികമായി നിറുത്തിവയ്ക്കേണ്ടി വന്നു.

(ഡി) കെ. എസ്. ആർ. ടി. സി. യുടെ ഇന്നത്തെ പരിമിതമായ വിഭവശേഷിയിൽ നിന്നുകൊണ്ട് ഈ സർവീസ് പുനരാരംഭിക്കാൻ തൽക്കാലം നിവർത്തിയില്ല.

ഇടുക്കി ജില്ലയിലെ "കുമളി" എന്ന സ്ഥലം ടച്ചുചെയ്യുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ

1266. [1731] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. വക എത്ര സർവീസുകൾ ഇടുക്കി ജില്ലയിലെ "കുമളി" എന്ന സ്ഥലം ടച്ചു ചെയ്തത് ഇന്നു സർവീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ എക്സ്പ്രസ്, ഫാസ്റ്റ് പാസഞ്ചർ, ഷട്ടിൽ സർവീസുകൾ എന്നിവ എത്ര വീതം ;

(സി) കെ. എസ്. ആർ. ടി. സി. എതു വർഷം മുതലാണ് കുമളയിലേയ്ക്ക് ബസ് സർവീസ് ആരംഭിച്ചത് ;

(ഡി) കെ. എസ്. ആർ ടി. സി. ക്ക് കുമളിയിൽ ആഫീസുണ്ടോ ഉണ്ടെങ്കിൽ അവിടെ എത്ര ജീവനക്കാരുണ്ട് ;

(ഇ) കുമളി ആഫീസിലെ ജീവനക്കാർക്ക് മഴയും വെയിലും ഏൽക്കാതിരിക്കുന്നതിനുള്ള സൗകര്യങ്ങളെങ്കിലും ചെയ്തു കൊടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇരുപത് സർവീസുകൾ

(ബി) എക്സ്പ്രസ് 2, ഫാസ്റ്റ് പാസഞ്ചർ 16, ഷട്ടിൽ 2.

(സി) 1956 മുതൽ

(ഡി) സ്റ്റേഷൻ മാസ്റ്ററുടെ ആഫീസ് ഉണ്ട്, രണ്ട് സ്റ്റേഷൻ മാസ്റ്റർമാരും 4 മെക്കാനിക്കൽ ജീവനക്കാരുമുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly